**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1291** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാരികളെ ആകർഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീമതി ദെലീമ,<br>ശ്രീ. എ. പ്രഭാകരൻ,<br>ഡോ സുജിത് വിജയൻപിള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദ സഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കാൻ രാജ്യത്തിനകത്തും പുറത്തും നടത്തിയ പ്രചാരണപ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു; തത്ഫലമായി വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഈ വർഷം ആദ്യ പാദത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് വേണ്ടി രാജ്യത്തിന് അകത്തും പുറത്തും ആസൂത്രിതമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളാണ് നടത്തിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന മാർക്കറ്റിംഗ് ക്യാമ്പയിനുകളാണ് നടപ്പാക്കിയത്.<br><br>• **രാജ്യത്തിനകത്ത് നടത്തിയ ക്യാമ്പയിനുകൾ**<br>• സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ<br>• കേരള ഡ്രൈവ് ഹോളിഡേ<br>• ലോംഗ് സ്റ്റേയ്സ് ഇൻ കേരള<br>• ഹോംസ്റ്റേ പ്രമോഷൻസ്<br>• ഹണിമൂൺ ഹോളിഡേയ്സ്<br>• കാരവൻ കേരള : കാരവൻ ടൂറിസം പ്രമോഷൻ<br>• ചേഞ്ച് ഓഫ് എയർ ക്യാമ്പയിൻ<br>• നാഷണൽ പാർട്ണർഷിപ്പ് മീറ്റുകൾ<br>• സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ<br>• ദേശീയ ഫെയറുകളിലെ പ്രാതിനിധ്യം<br>• ദേശീയ B2B മീറ്റുകൾ<br><br>**രാജ്യത്തിന് പുറത്ത് നടത്തിയ ക്യാമ്പയിനുകൾ**<br><br>• WTM, IMTM, BIT MILAN, TM ദുബായ് തുടങ്ങിയ അന്തർദേശീയ ടൂറിസം ഫെയറുകളിലെ പ്രാതിനിധ്യം<br>• മാഡ്രിഡ്, മിലാൻ, അബുദാബി, മസ്കറ്റ്, മനാമ, തുടങ്ങിയ റോഡ് ഷോകൾ.<br>• ഇന്റർനാഷണൽ റീ-ഓപ്പണിങ് ക്യാമ്പയിൻ |

| | | | |
|---|---|---|---|
| | | | • ഇന്റർനാഷണൽ സോഷ്യൽ മീഡിയ ക്യാമ്പയിൻ<br><br>കഴിഞ്ഞ അഞ്ചുവർഷക്കാലം സംസ്ഥാനത്തുണ്ടായ പ്രകൃതിദുരന്തങ്ങളും കോവിഡും ടൂറിസം മേഖലയെ ഗുരുതരമായിട്ടാണ് ബാധിച്ചത്. എന്നാൽ സർക്കാർ നടപ്പാക്കിയ ആസൂത്രിതമായ പ്രവർത്തനങ്ങളുടെ ഫലമായി പ്രയാസങ്ങളെ അതിജീവിച്ച് കേരള ടൂറിസത്തെ വളർച്ചയുടെ പാതയിലേക്ക് തിരികെയെത്തിക്കാൻ കഴിഞ്ഞു. ഈ വർഷത്തെ ആദ്യ മൂന്ന് മാസത്തെ സ്ഥിതിവിവരക്കണക്ക് പ്രകാരം 72.48% വളർച്ചയാണ് ആഭ്യന്തര സഞ്ചാരികളുടെ കാര്യത്തിൽ ഉണ്ടായത്. 38-ലക്ഷം ആഭ്യന്തര സഞ്ചാരികളെ ഈ കാലയളവിൽ ആകർഷിക്കാൻ കഴിഞ്ഞു. എറണാകുളം ജില്ലയാണ് വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഒന്നാമത്. മുൻവർഷത്തെ അപേക്ഷിച്ച് 16 ലക്ഷം സഞ്ചാരികളാണ് ഈ വർഷത്തെ ആദ്യപാദത്തിൽ വർധിച്ചത്. വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെ ആദ്യ പാദത്തെ അപേക്ഷിച്ച് 200.55% വർധനയാണുള്ളത്. 43547 വിദേശ വിനോദസഞ്ചാരികളാണ് ഈ കാലയളവിൽ സംസ്ഥാനത്ത് എത്തിയത്. കഴിഞ്ഞ കാലങ്ങളിൽ അനുഭവപ്പെട്ട പ്രയാസങ്ങളെ മറികടന്ന്, നേട്ടങ്ങളുടേതാകും ഈ വർഷം എന്നാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ ഏതാനും മാസങ്ങളായി നടത്തിവരുന്ന 360 ഡിഗ്രി പ്രചാരണത്തിന്റെ പ്രതിഫലനമാണ് വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നാണ് കരുതുന്നത് |
| (ബി) | 2022-നെ കേരള വിനോദ സഞ്ചാര വർഷമാക്കുകയെന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡിന് ശേഷം വിനോദസഞ്ചാരമേഖല സജീവമായി വരികയാണ്. വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ആദ്യപാദത്തിൽ തന്നെ മുൻവർഷത്തേക്കാൾ വലിയ വർധനവുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ 2022 കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് മുന്നിൽകണ്ടുകൊണ്ടു തന്നെ നിരവധി മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കാണ് സർക്കാർ രൂപം നൽകുന്നത്. കേരളത്തെ ഒരു വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ ആക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കുന്ന പ്രത്യേക മാർക്കറ്റിംഗ് കാമ്പയിൻ, ഒരു ടൂറിസം പ്രൊഡക്റ്റ് എന്ന നിലയിൽ കാരവൻ ടൂറിസത്തിന്റെ മെച്ചപ്പെട്ട അവതരണം, സ്വകാര്യ മേഖലയുമായി ചേർന്ന് കേരളത്തിലെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഹെലികോപ്റ്റർ സർവീസ്, ബേപ്പൂർ റിവർ ഫെസ്റ്റ്, ചാലിയാർ റിവർ ഫെസ്റ്റ്, ചാമ്പ്യൻസ് ബോട്ട് ലീഗ് |

| | | | |
|---|---|---|---|
| | | | പോലെയുള്ള പദ്ധതി, ഇവയൊക്കെ ടൂറിസം മേഖലയിൽ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ്. |
| (സി) | സഞ്ചാരികളെ വർഷത്തിൽ ഉടനീളം സംസ്ഥാനത്തേക്ക് ആകർഷിക്കാൻ കഴിയും വിധം വൈവിധ്യമാർന്ന പദ്ധതികൾ അവതരിപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | കോവിഡിന് ശേഷം വിനോദസഞ്ചാരമേഖല സജീവമായി വരികയാണ്. വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ആദ്യപാദത്തിൽ തന്നെ മുൻവർഷത്തേക്കാൾ വലിയ വർധനവുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ 2022 കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് മുന്നിൽകണ്ടുകൊണ്ടു തന്നെ നിരവധി മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കാണ് സർക്കാർ രൂപം നൽകുന്നത്. കേരളത്തെ ഒരു വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ ആക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കുന്ന പ്രത്യേക മാർക്കറ്റിംഗ് കാമ്പയിൻ, ഒരു ടൂറിസം പ്രൊഡക്റ്റ് എന്ന നിലയിൽ കാരവൻ ടൂറിസത്തിന്റെ മെച്ചപ്പെട്ട അവതരണം, സ്വകാര്യ മേഖലയുമായി ചേർന്ന് കേരളത്തിലെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഹെലികോപ്റ്റർ സർവീസ്, ബേപ്പൂർ റിവർ ഫെസ്റ്റ്, ചാലിയാർ റിവർ ഫെസ്റ്റ്, ചാമ്പ്യൻസ് ബോട്ട് ലീഗ് പോലെയുള്ള പദ്ധതി, ഇവയൊക്കെ ടൂറിസം മേഖലയിൽ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ്. |

സെക്ഷൻ ഓഫീസർ